

മൈനാഗപ്പള്ളി തോട്ടുംമുഖത്ത് കൈപ്പുഴ നാളികേര ഉത്പാദക കമ്പനി സ്ഥാപിക്കുന്ന നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനം മന്ത്രി കെ.ബാബു നിർവഹിക്കുന്നു




നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനവേദിയിൽ മാതൃഭൂമിയുടെ 'കേരം കാക്കാൻ കുട്ടിക്കൂട്ടം' പരിപാടിയിലെ ജില്ലാതല വിജയികളായ കുട്ടികൾ

# കേരളത്തിലെ ആദ്യ നീര പ്ലാന്റിന് കൊല്ലത്ത് തറക്കല്ലിട്ടു

**കൊല്ലം:** തെങ്ങിൽനിന്ന് ഉത്പാദിപ്പിക്കുന്ന നീരയുടെ സംസ്കരണപദ്ധതിയുടെ വിജയത്തിനായി സർക്കാർ എല്ലാ സഹായവും നൽകുമെന്ന് മന്ത്രി കെ. ബാബു. കൊല്ലം കൈപ്പുഴ നാളികേര ഉത്പാദക കമ്പനി നിർമിക്കുന്ന സംസ്ഥാനത്തെ ആദ്യ നീര സംസ്കരണ പ്ലാന്റിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നീര ഉത്പാദനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ നാളികേര ഉത്പാദക ഫെഡറേഷനുകൾക്കും തെങ്ങുകൾ മാർക്ക് ചെയ്യുന്നതനുസരിച്ച് എക്സൈസ് വകുപ്പ് ലൈസൻസ് നൽകുമെന്ന് അദ്ദേഹം പറഞ്ഞു. ടാപ്പിങ്ങിന് തൊഴിലാളിക്ഷാമം നേരിടുന്നപക്ഷം പരിശീലനം നേടിയ നീര ടെക്നീഷ്യന്മാരെ രംഗത്തിറക്കുമെന്ന് മന്ത്രി പറഞ്ഞു.

മൈനാഗപ്പള്ളിക്ക് സമീപം തോട്ടുംമുഖത്ത് കമ്പനിയുടെ വക 150 സെന്റ് സ്ഥലത്ത് നിർമിക്കുന്ന പ്ലാന്റിനാണ് മന്ത്രി തറക്കല്ലിട്ടത്. നീര, നീരയിൽനിന്നുള്ള ഇതര ഉത്പന്നങ്ങൾ, നാളികേരത്തിന്റെ വിവിധ മൂല്യവർധിത ഉത്പന്നങ്ങളായ എഡിബിൾ ഓയിൽ, ഹെയർ ടോണിക്, പായ്ക്കറ്റിലാക്കിയ കരിക്കിൻവെള്ളം, നാളികേര ക്രീം, നാളികേരപ്പൊടി, ബിസ്കറ്റ്, ചോക്ലേറ്റ്, ജാം, ഐസ്ക്രീം എന്നിവയുടെ ഉത്പാദനം ലക്ഷ്യമാക്കി 20 കോടി മുടക്കിയാണ് പ്ലാന്റ് സ്ഥാപിക്കുന്നത്.

ന്യുക്ത എം.പി. കൊടിക്കുന്നിൽ സുരേഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയാണിതെന്ന് അദ്ദേഹം പറഞ്ഞു. കോവൂർ കുഞ്ഞുമോൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ചടങ്ങിൽ നീര ഉത്പന്നങ്ങളുടെ ലോഗോ പ്രകാശനം മന്ത്രി ഷിബു ബേബി ജോൺ നിർവഹിച്ചു. നാളികേര വിലയിടിവ് നേരിടുന്ന ഈ കാലയളവിൽ നീര ഉത്പാദനം കർഷകർക്ക് ആശ്വാസമാകുമെന്നും ഉത്പാദനത്തെ അതീവ ജാഗ്രതയോടെ കൊണ്ടുപോകണമെന്നും മന്ത്രി പറഞ്ഞു. നീരയുടെ ഔഷധഗുണങ്ങൾ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണ-പ്രചാരണ പ്രവർത്തനങ്ങൾ ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നീരയെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള സംശയങ്ങൾ ദൂരീകരിച്ച് ആഗോളതലത്തിൽ വിപണി പിടിച്ചടക്കാൻ സാധിച്ചാൽ സംസ്ഥാനത്തിന്റെ നേട്ടം ഉന്നതമായിരിക്കുമെന്ന് നിയുക്ത എം.പി. എൻ.കെ.പ്രേമചന്ദ്രൻ പറഞ്ഞു.

നീരയിൽനിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങൾ ഹോർട്ടികോർപ്പ് ചെയർമാൻ ലാൽവർഗീസ് കല്പകവാടി പുറത്തിറക്കി. നീര കമ്മിറ്റി അംഗം ബാബു ജോസഫ്, നാളികേരവികസന ബോർഡ് ചീഫ് ഡെവലപ്മെന്റ് ഓഫീസർ സുഗത ഘോഷ്, രാജേന്ദ്രപ്രസാദ്, കെ.ബി.സി. ഡബ്ല്യു. ചെയർമാൻ കോയിവിള രാമചന്ദ്രൻ, കല്ലട വിജയൻ, തോമസ് വൈദ്യൻ, ടി.ഒ.വൈദ്യൻ തുടങ്ങിയവർ സംസാരിച്ചു. കൈപ്പുഴ നാളികേര ഉത്പാദക കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ സ്വാഗതവും മാനേജിങ് ഡയറക്ടർ ജയമോൻ നന്ദിയും പറഞ്ഞു.

രണ്ട് മാസത്തിനുള്ളിൽ നീര പ്ലാന്റിന്റെ നിർമാണം പൂർത്തിയാക്കി ജൂലായ് അവസാനത്തോടെ കേരളത്തിലാദ്യമായി കമ്പനിയുടെ പേരിലുള്ള ബ്രാൻഡഡ് നീര ഉത്പന്നങ്ങളുടെ ഔദ്യോഗിക വിതരണോദ്ഘാടനം നിർവഹിക്കുമെന്ന് ചെയർമാൻ പറഞ്ഞു. പ്രതിദിനം 10000 ലിറ്റർ ലീര സംസ്കരിച്ച് പായ്ക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങളായിരിക്കും തുടക്കത്തിൽ യൂണിറ്റിൽ ഉണ്ടാവുക. നീരയുടെ അളവ് കൂടുന്നതനുസരിച്ച് പ്ലാന്റിന്റെ ശേഷി പിന്നീട് വികസിപ്പിക്കാനുമാവും. 5.73 കോടിയാണ് നീര പ്ലാന്റിന്റെ മാത്രം എസ്റ്റിമേറ്റ്. ഇതിൽ ഒരുകോടിരൂപ കെട്ടിടത്തിന് ചെലവ് വരും. ജില്ലയിൽ നീര ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനായി എട്ട് മാസ്റ്റർ ടെക്നീഷ്യന്മാർ ബോർഡിന്റെ ആലുവയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു.